23/02/18

2471
28/2/18

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-സ്കൂളുകൾ,ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടുകളുടെ യൂണിറ്റ് കോസ്റ്റ് അംഗീകരിച്ച ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു

---

### തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം./358/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/02/2018

---

പരാമർശം:- 1. 29.11.2017-ലെ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 3.1-ാം നമ്പർ തീരുമാനം

2.സ.ഉ.(സാധാ)നം.3979/2017/ത.സ്വ.ഭ.വ തീയതി 12.12.2017

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 29.12.2017-ലെ ഡി.ബി.3-753/12/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്

DB3 AE JS

### ഉത്തരവ്

സ്കൂളുകൾ, ആശുപത്രികൾ, തുടങ്ങിയ പൊതുസ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ, പരന്ന മേൽക്കൂരയുള്ള കെട്ടിടങ്ങളിൽ നിന്ന് മഴവെള്ളം സംഭരിക്കുന്ന സംവിധാനത്തിന് 20,500/- രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങൾക്കായി നിർമ്മിക്കുന്ന മഴവെള്ള സംഭരണ സംവിധാനത്തിന് 24,500/-രൂപയും യൂണിറ്റ് കോസ്റ്റ് ആയി അംഗീകരിച്ച് പരാമർശം (2)പ്രകാരം ഉത്തരവായിരുന്നു. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ കെട്ടിടങ്ങളുടെ എണ്ണം, കിണറിലേക്കുള്ള ദൂരം മുതലായവ വ്യത്യസ്തമായതിനാൽ ഓരോയിടത്തെയും ഭൗതിക സാഹചര്യങ്ങൾക്കും, കെട്ടിടങ്ങളുടെ മേൽക്കൂരക്കും അനുയോജ്യമായ എസ്റ്റിമേറ്റ്, പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി ഭരണാനുമതി വാങ്ങുകയും, ടി പ്രവൃത്തികൾക്കുള്ള പരമാവധി തുകയായി മേൽ പറഞ്ഞ യൂണിറ്റ് കോസ്റ്റ് നിജപ്പെടുത്തുകയും ചെയ്യുന്ന രീതിയിൽ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം (3)പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിൻറെ അടിസ്ഥാനത്തിൽ പരാമർശം(2)ഉത്തരവ് താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ പ്രോജക്ടുകൾ

DB3

തയ്യാറാക്കുമ്പോൾ, ഓരോ സ്ഥാപനത്തിൻറെയും ഭൌതിക സാഹചര്യങ്ങൾക്കും കെട്ടിടങ്ങളുടെ മേൽക്കൂരയ്ക്കും അനുയോജ്യമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കി ഭരണാനുമതി വാങ്ങേണ്ടതും പരന്ന മേൽക്കൂരയുള്ള കെട്ടിടങ്ങളിൽ നിന്ന് മഴവെള്ളം സംഭരിക്കുന്ന സംവിധാനത്തിൻറെ പരമാവധി എസ്റ്റിമേറ്റ് തുക 20,500/- രൂപയായും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് 24,500/-രൂപയായും നിജപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
**അഡീഷണൽ സെക്രട്ടറി**

ചീഫ് എൻജിനിയർ(തദ്ദേശ സ്വയംഭരണം)
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.02.07 16:45:37 IST
Reason: Approved
സെക്ഷൻ ഓഫീസർ